PULEEPPI HINDU L.P. SCHOOL
ESTD 1905
KANNADIPARAMBA


# പുലീപ്പി ഹിന്ദു എൽ.പി.സ്കൂൾ

ഒന്നാം ക്ലാസുകാരുടെ

## സംയുക്ത ഡയറി

# കുട്ടിക്കുറിപ്പുകൾ

## 2023-24



# ആമുഖം

കുട്ടികളുടെ സ്വതന്ത്രരചനാശേഷി വികസിപ്പിക്കുന്നതിനും ഭാഷാ പഠനം ആസ്വാദ്യകരമാക്കാനുമാണ് ഈ അധ്യയന വർഷം ഒന്ന്, രണ്ട് ക്ലാസുകളിൽ സംയുക്ത ഡയറി ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടിയുടെ അനുഭവങ്ങളെ ചെറു വാക്യങ്ങളാക്കി രേഖപ്പെടുത്തുന്നതിലൂടെ സ്വന്തമായി രചന നടത്തുന്നതിനും സ്വതന്ത്രവായനിയിലേക്കുമുള്ള ആത്മവിശ്വാസം വർധിപ്പിക്കാൻ സഹായിക്കുന്നു. കുട്ടിയുടെ ആശയം രക്ഷിതാവിന്റെ സഹായത്തോടെ ആദ്യ ഘട്ടത്തിൽ എഴുതുകയും പിന്നീട് സ്വന്തമായി ആശയങ്ങൾ എഴുതാനുമുള്ള ശേഷി കൈവരിക്കാനും സംയുക്ത ഡയറിയിലൂടെ സാധിക്കുന്നു. കുട്ടികളുടെ സർഗാത്മക രചന പരിപോഷിപ്പിക്കുന്നതിൽ സംയുക്ത ഡയറി വലിയ പങ്ക് വഹിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ കുട്ടികളും രക്ഷിതാക്കളും വളരെ താല്പര്യത്തോടെയാണ് ഈ പ്രവർത്തനം ഏറ്റെടുത്തിട്ടുള്ളത്.


# ഫാത്തിമ നൂറ.പി



**1 - A**

**15/11/23**


ഇന്ന് ഞാനും
ഇത്താത്തയും ഉമ്മയും
ഉമ്മയുടെ കൂട്ടുകാരും
കൂടി പാലക്കയം തട്ട്
കാണാൻ പോയി.
ഞങ്ങൾ വലിയ മലയുടെ
മുകളിൽ കയറി. നല്ല
കാറ്റ് ഉണ്ടായിരുന്നു.


ഇന്ന് ഞാനും ഇത്താത്തയും ഉമ്മയും ഉമ്മയുടെ കൂട്ടുകാരും കൂടി പാലക്കയം തട്ട് കാണാൻ പോയി. ഞങ്ങൾ വലിയ മലയുടെ മുകളിൽ കയറി. നല്ല കാറ്റ് ഉണ്ടായിരുന്നു.



# അമേഘ് .കെ

## 1 - A




**8/07/23**

ഇന്ന്
നല്ലമഴയായിരുന്നു.
ഞാനും ഏട്ടനും
തോണി
ഉണ്ടാക്കിക്കളിച്ചു.

**29/12/23**

അമ്മയും അമ്മുമ്മയും ഞാനും തോട്ടിൽ അലക്കാൻ പോയി. തോട്ടിൽ കുറേ മീനുകൾ ഉണ്ടായിരുന്നു. ഉച്ചഭക്ഷണം കഴിച്ച് ഞാനും അമ്മയും കണ്ണൂർ സ്റ്റേഡിയത്തിൽ കാഴ്ച കാണാൻ പോയി. കുറേ പ്രതിമകളും, ആകാശത്തൊട്ടിലും, റൈഡുകളും കണ്ടു. രാത്രി വീട്ടിൽ തിരിച്ചു വന്നു.




# നീലിമ ടി.കെ

## 1 - A




**11/10/23**



ഇന്ന് സചിത്രപുസ്തകത്തിൽ പൂമ്പാറ്റയുടെ ചിത്രം വരച്ചു.

**20/10/23**


ഇന്ന് ചെടി വരച്ചു. വേര്, തണ്ട്, ഇല, പൂവ് , കായ എന്നിവയെ പറ്റി പഠിച്ചു. ഇംഗ്ലിഷിൽ ടീച്ചർ ബേബി എലിഫെന്റിന്റെ പാഠം പഠിപ്പിച്ചു.



# ശാൻ കൃഷ്ണ ടി വി

## 1 - A






**22/10/23**

ഇന്ന് വള്ളംകളി ഉണ്ടായിരുന്നു. വള്ളം കളി കാണാൻ പോയി.

**30/12/23**


ഇന്ന് എന്റെ വീടിന്റെ അടുത്തുള്ള മുത്തപ്പൻ കാവിൽ ഉത്സവത്തിന്റെ ആഘോഷങ്ങൾ ആരംഭിച്ച പുഴക്കരയിൽ ലൈറ്റുകൾ സ്ഥാപിച്ചു.



# ആൻവിയ പി.വി

## 1 - A




15.10.2023


ഇന്ന് എന്റെ വീട്ടിൽ അമ്മമ്മയും
നിഗി മൂത്തയും ആച്ചു എട്ടനും
വന്നിരുന്നു. ഞാൻ എട്ടനോ-
ടൊപ്പം കുറേനേരം കളിച്ചു.

**1/12/23**

**ഇന്ന് എന്റെ വീട്ടിൽ അമ്മമ്മയും നിഗി മൂത്തയും ആച്ചു എട്ടനും വന്നിരുന്നു. ഞാൻ ഏട്ടനോടൊപ്പം കുറേ നേരം കളിച്ചു.**

**15/10/23**

**ഇന്ന് നല്ല ദിവസമായിരുന്നു. ഇന്ന് ഞാൻ അമ്മയുടെ വീട്ടിൽ വന്നിരുന്നു. വാവയെ ഞാനിന്ന് മടിയിൽ ഇരുത്തി.**


1.12.2023

ഇന്ന് നല്ല ദിവസമായിരുന്നു
ഇന്ന് ഞാൻ അമ്മയുടെ വീട്ടിലേക്ക്
വന്നിരുന്നു. വാവയെ ഞാനിന്ന് മടിയി-
ൽ ഇരുത്തിയിരുന്നു.

# അമേയ്തേജ് കെ പി

## 1 -A





### 5/10/23

ഇന്ന് സ്കൂളിൽ ശാസ്ത്രമേള ഉണ്ടായിരുന്നു. ഞങ്ങൾ ഓലകൊണ്ട് കളിപ്പാട്ടങ്ങൾ ഉണ്ടാക്കി.

### 23/12/23

ഇന്ന് എന്റെ പിറന്നാളാണ്.പുതിയ ഉടുപ്പിട്ട് അമ്പലത്തിൽ പോയി. വീട്ടിൽ ആഘോഷം ഉണ്ടായി. കേക്ക് മുറിച്ച് ഹാപ്പി ബർത്തിഡേ പാടി. എനിക്ക് സന്തോഷം കൊണ്ട് മനസ്സ് നിറഞ്ഞു.




# അനുരുദ്ധ്. കെ

## 1 - A






**27/12/23**

**ഇന്ന് രാവിലെ എഴുന്നേറ്റു. ഞാൻ എന്റെ വീട്ടിലെ പക്ഷികൾക്ക് തീറ്റയും വെള്ളവും കൊടുത്തു. അപ്പോഴാണ് വല്ല്യമ്മയുടെ വീട്ടിൽ മയിൽ വന്നത്. അതിനെ കാണാൻ വല്ല്യമ്മ വിളിച്ചു. കുറെ നേരം അതിനെ നോക്കി നിന്നു. പിന്നെ അത് പറന്നു പോയി.**

# മുഹമ്മദ് ഫൈസാൻ.പി



## 1 - A




19/10/23

ഇന്ന് എനിക്ക് പുതിയ പൗച്ച്

വാങ്ങി. ഞാൻ അതിൽ പെൻസിൽ

ഇട്ടു വച്ചു.


ഇന്ന് എനിക്ക് പുതിയ പൗച്ച്
വാങ്ങി ഞാൻ അതിൽ പെൻസിൽ
ഇട്ടു വച്ചു.




# മുഹമ്മദ് നിബ്രാസ് നൗഫൽ.പി.കെ

## 1- A



22/12/23



22/12/2023
വെള്ളി

ഇന്നത്തെ ദിവസം സന്തോഷമുള്ള ദിവസമായിരുന്നു. ഇന്ന് സ്കൂളിൽ ക്രിസ്തുമസ് ദിനപരിപാടിയും കേക്ക് മുറിച്ച് മധുരം നൽകി എല്ലാവരും ആഘോഷിച്ചു. ഞാൻ സ്റ്റാർ ഉണ്ടാക്കി കൊണ്ടുപോയി. ടീച്ചർ അത് മരത്തിൽ തൂക്കിയിട്ടു. ക്രിസ്തുമസ് അപ്പൂപ്പൻ ഉണ്ട്. ഉച്ചഭക്ഷണത്തിന് ശേഷം സ്കൂൾ വിട്ടു. 10 ദിവസത്തെ അവധിയാണ്. വീട്ടിലെത്തിയിട്ട് കൂട്ടുകാരോട് വിശേഷം പങ്കുവെച്ചു.

XMAX

ഇന്നത്തെ ദിവസം സന്തോഷമുള്ള ദിവസമായിരുന്നു. ഇന്ന് സ്കൂളിൽ ക്രിസ്തുമസ് ദിന പരിപാടിയും കേക്ക് മുറിച്ചും ആഘോഷിച്ചു. ഞാൻ സ്റ്റാർ ഉണ്ടാക്കി കൊണ്ടുപോയിരുന്നു. ടീച്ചർ അത് മരത്തിൽ തൂക്കിയിട്ടു. ഉച്ചഭക്ഷണത്തിനു ശേഷം സ്കൂൾ വിട്ടു. പത്ത് ദിവസം ക്രിസ്തുമസ് അവധിയാണ്. വീട്ടിലെത്തി കൂട്ടുകാരോട് വിശേഷങ്ങൾ പങ്കുവെച്ചു.

# ഏബെൽ ജോൺ




## 1 - A


**7/12/23**

ഇന്ന്
വൈകുന്നേരം
ഞങ്ങളുടെ
വീട്ടിൽ കരോൾ
സംഘം വന്നു

**28/12/23**

ഇന്ന് വൈകുന്നേരം
ഞങ്ങൾ കണ്ണൂരിൽ
എക്സിബിഷൻ
കാണാൻ പോയി.
അവിടെ പലതരം
മൃഗങ്ങളുടെ പ്രതിമ
കണ്ടു. ഇലക്ട്രിക്
ട്രെയിനിൽ കയറി
പരിപാടി കണ്ടു.





# അവന്തിക . പി

## 1 – A




**10/07/23**

ഇംഗ്ലീഷ് ക്ലാസ്സിൽ ഇന്ന് കേട്ടെഴുത്ത് വെച്ചപ്പോൾ എനിക്ക് മുഴുവൻ മാർക്കും കിട്ടി.


**15/07/23**

വാവയ്ക്ക് സുഖമില്ലാത്തതിനാൽ അമ്മയുടെ കൂടെ ഞാനും ആശുപത്രിയിൽ പോയി. വാവയെ ഡോക്ടറെ കാണിച്ചു.



10-7-2023

എനിക്ക് ഇംഗ്ലീഷ് ക്ലാസ്സിൽ ടീച്ചർ കേട്ടെഴുത്ത് തന്നപ്പോൾ മുഴുവൻ മാർക്കും കിട്ടി.




15-7-20


വാവയ്ക്ക് സുഖമില്ലാത്തതിനാൽ അമ്മയുടെ കൂടെ ഞാനും ആശുപത്രിയിൽ പോയി. വാവയെ ഡോക്ടറെ കാണിച്ചു

# ആയുഷ് ജയരാജ് പി പി

## 1 - A






15/11/23

ഞാനും അച്ഛനും അമ്മയും ചേച്ചിമാരും കൂടി സർക്കസ്സ് കാണാൻ പോയി.

24/12/23

ഇന്ന് ഞായറാഴ്ചയാണ് വീട്ടിലിരുന്ന് കളിച്ചു. സന്ധ്യാനേരത്ത് ഞാൻ വെറുതെ പുറത്തിറങ്ങി. ഒരു നായ പമ്മിപ്പമ്മി വന്നു. ഞാൻ പേടിച്ച് ഒറ്റയോട്ടം. നായ മറ്റൊരു വഴിയിലേക്ക് ഓടി.


# വേദ.പി

## 1 - A




**27/12/23**

ഇന്ന് ഞാനും ചേട്ടന്മാരും ചേച്ചിമാരും കൂടി താഴത്തെ വീട്ടിൽ പോയി. അവിടെ കുറെ പശുക്കളും കോഴികളും ആടുകളും ഉണ്ടായിരുന്നു. അവിടെയുള്ള മാമൻ ഞങ്ങൾക്ക് മുട്ട തന്നയച്ചു.



**28/12/23**

ഇന്നത്തെ ദിവസം അടിപൊളി ആയിരുന്നു. ഇന്ന് ഞങ്ങൾ ബീച്ചിൽ പോയി. ഞങ്ങൾ വെള്ളത്തിൽ കളിച്ചു. സ്റ്റാർ ഫിഷിനെയും പലതരം മീനുകളെയും കണ്ടു.



# ആരവ്. കെ




## 1 - A


**29/12/23**

ഇന്ന് പുലർച്ചയ്ക്ക് ഞാൻ ബാലിത്തെയ്യം കാണാൻ പോയി. ഉച്ചയ്ക്ക് കാവിൽ നിന്ന് ഭക്ഷണം കഴിച്ചു. ചന്തയിൽ നിന്ന് കളി സാധനങ്ങൾ വാങ്ങി.

**22/12/23**

ഇന്ന് ഞങ്ങളുടെ സ്കൂളിൽ ക്രിസ്മസ് ആഘോഷമായിരുന്നു. ആശിഫ ടീച്ചറും നിത്യ ടീച്ചറും ഞങ്ങൾക്ക് ക്രിസ്മസ് കേക്ക് മുറിച്ചു തന്നു .



# നഷ്‌വ കെസി

## 1 - A





**18/10/23**

ഇന്ന് എന്റെ വീട്ടിൽ
മൂന്ന് റോസാപൂക്കൾ
വിരിഞ്ഞു.
ഞാൻ പൂവ്
തലയിൽ ചൂടി

**6/11/23**

ഇന്ന് ടീച്ചർ പഴങ്ങൾ
കൊണ്ടുപോകാൻ
പറഞ്ഞു.
ഞാൻ അനാറും
ലിച്ചിയും സപ്പോട്ടയും
കൊണ്ടുപോയി
സലാഡ് ഉണ്ടാക്കി
കഴിച്ചു.





# സാൻവിയ.കെ
# 1 - A



## 22/12/23

**ഇന്ന് പതിവ് പോലെ സ്കൂളിൽ പോയി. കേട്ടെഴുത്തിന് മുഴുവൻ മാർക്കും വാങ്ങി.**







## 10/07/23

**ഇന്ന് സ്കൂളിൽ ക്രിസ്മസ് ആഘോഷം ഉണ്ടായിരുന്നു. പത്ത് ദിവസത്തേക്ക് സ്കൂൾ അടച്ചു .**

# ലിയാന കെ സി

## 1 - A





15/10/23

ഇന്ന് ഞാൻ മദ്റസയിൽ പോയി . എന്റെ കൂട്ടുകാരി എനിക്ക് ബലൂൺ തന്നു.

16/10/23

ഇന്ന് സ്കൂളിൽ വെച്ച് തൂക്കവും നീളവും നോക്കി.



# സയന പി




**1 - A**


**25/08/23**

സ്ക്കൂളിൽ ഓണാഘോഷം നടന്നു. ഞങ്ങൾ എല്ലാവരും ചേർന്ന് പൂക്കളം തീർത്തു. ഓണസ്സദ്യ കഴിച്ചു.


**22/12/23**

ക്ലാസ്സിൽ വച്ച് എല്ലാവരും ചേർന്ന് ഇന്ന് ക്രിസ്തുമസ് കേക്ക് മുറിച്ചു.





18/12/2023






ഇന്ന് ഉച്ചക്ക്
നിഹാര നക്ഷത്രയെ
തള്ളിയിട്ടു. വൈകീട്ട്
ഐസ്ക്രീം കഴിച്ചു.
വല്യച്ഛന്റെ കൂടെ
നവരാത്രി പരിപാടി
കാണാൻ
പോയി.

**ആഷ്മിക . എ.**

**1 B**

ഇന്ന് ഞാൻ
അമ്മ വീട്ടിൽ
പോയിആന്റിയുംമോനും
ഉണ്ടായിരുന്നു. ഞങ്ങൾ
ചോറും കറിയും വച്ചു
കളിച്ചു. ഊഞ്ഞാലാടി.
അച്ഛൻ  മിഠായി കൊണ്ടു
തന്നു. കേക്ക്
മുറിച്ചു തിന്നു.

24/12/2023




# സാൻവിയ ഗണേഷ്. ഇ

1 B




22/12/2023



ഇന്ന്സ്കൂൾ വണ്ടി ഉണ്ടായില്ല. അച്ഛനാണ് കൊണ്ട് വിട്ടത്. ഇന്ന് ക്രിസ്മസ് പരിപാടിയാണ് എല്ലാ കുട്ടികളും ചുവപ്പ് ഉടുപ്പും ക്രിസ്മസ് തൊപ്പിയും ഇട്ടാണ് വന്നത്. സ്കൂൾ മുറ്റത്തെ മരത്തിൽ നക്ഷത്രങ്ങളും തോരണങ്ങളും കൊണ്ട് അലങ്കരിച്ചിരുന്നു. പുൽക്കൂട് ഒരുക്കി കേക്ക് മുറിച്ചു. ഞങ്ങൾ ക്രിസ്മസ് ആഘോഷിച്ചു.

28/12/2023



ഇന്ന് ഞങ്ങൾ പയ്യാമ്പലം ബീച്ചിൽ പോയി. വെള്ളത്തിൽ കളിച്ചു. പട്ടം പറത്തുന്നത് കണ്ടു. കടലിൽ ഒരുപാട് ബോട്ട് ഉണ്ടായിരുന്നു.ഞങ്ങൾബോട്ടിൽ കയറി. ഞാൻ തിരമാലയിൽ ഒലിച്ചു വരുന്നശംഖ് പെറുക്കി.JCB വലിയ കരിങ്കൽ ഭിത്തി കെട്ടുന്നത് കണ്ടു. ഞങ്ങൾ ഫലൂദ കഴിച്ചു.


# ഇഷാൻ.ആർ. വി.

## 1 B




### 15/12/2023

ഇന്ന് എനിക്ക് പരീക്ഷ തുടങ്ങി. ഇംഗ്ലീഷാണ് ആദ്യത്തെ പരീക്ഷ. പുതിയ പെൻസിലും റബ്ബറും എടുത്താണ് സ്കൂളിൽ പോയത്. അമ്മ എനിക്ക് പുതിയ പരീക്ഷ ബോർഡ് വാങ്ങി തന്നു. നല്ല പരീക്ഷയായിരുന്നു. വേഗം എഴുതി.




### 20/12/2023

ഇന്ന് രാവിലെ 5 മണിക്ക് എഴുന്നേറ്റു .ഞാനും അമ്മയും ഓട്ടോറിക്ഷയിൽ അമ്മയുടെ വീട്ടിൽ പോയി. അവിടെ അമ്മൂമ്മയും ഏട്ടനും ശബരിമലക്ക് പോകുന്നുണ്ട്. നമ്മൾ അമ്പലത്തിൽ പോയി. അവർ പോയതിനു ശേഷം സ്കൂളിലേക്ക് പോയി. ഞാൻ സ്കൂളിൽ എത്തുമ്പോൾ പരീക്ഷ തുടങ്ങിയിരുന്നു. എനിക്ക് സങ്കടം വന്നു. 3 മണിക്ക് അമ്മ കൂട്ടാൻ വന്നു.




30/10/2023



ഇന്ന് മാസിന്റെ പിറന്നാൾ ആയിരുന്നു. സ്കൂളിൽ പച്ചക്കറി കൊടുത്തു. വൈകുന്നേരം വീട്ടിൽ മാസിന്റെ കൂട്ടുകാർ വന്നു. അവർ മാസിക്ക് ഗിഫ്റ്റ് കൊടുത്തു.കൂട്ടുകാർക്ക് ചായയും പലഹാരങ്ങളും കൊടുത്തു. അന്ന് ഉമ്മാമ്മ സമൂസ ഉണ്ടാക്കി. സമൂസ ചുടുമ്പോൾ ഞാൻ എടുത്ത് ഓടി. സമൂസ എനിക്ക് ഇഷ്ടമാണ്.ഞങ്ങൾ ഓടി കളിച്ചു. രാത്രി ചിക്കൻ ബിരിയാണി തിന്നു.

09/11/2023



ഇന്ന് ഞാൻ സ്കൂൾ ലീവാണ്. എന്റെ ഉപ്പ ഗൾഫിൽ പോവുന്ന ദിവസമാണ്. ഞാൻ ഉപ്പാന്റെ വീട്ടിൽ പോയി. ഉപ്പ പോവുമ്പോ ഞാൻ കരഞ്ഞു.എനിക്ക് ഇന്നത്തെ ദിവസം ഇഷ്ടപ്പെട്ടില്ല.

**മുഹമ്മദ് മിഹാദ് മുജീബ്**

**1 B**




# മുഹമ്മദ് സാക്കി

**1 B**



25/1/2023




ഇന്ന് ഉപ്പയുടെ കൂടെ ടൗണിൽ പോയി, ഉപ്പ എനിക്ക് ഐസ്ക്രീം വാങ്ങിതന്നു.

26/12/2023



ഇന്ന് മുറ്റത്ത് രണ്ട് മയിലിനെ കണ്ടു. നല്ല ഭംഗി ഉണ്ടായിരുന്നു കാണാൻ.




# ആൽഫിൻ ജീസ്.കെ.

**1 B**

24/12/2023





രാവിലെ എഴുന്നേറ്റ് ചായ കുടിച്ച ശേഷം കളിക്കാൻ തുടങ്ങി. പിന്നെ അമ്മ ഓരോ പണിയെടുക്കുമ്പോൾ അമ്മയെ ഞാൻ സഹായിച്ചു. പിന്നെ വൈകുന്നേരം ചെടിക്ക് വെള്ളം ഒഴിച്ചു. കുളി കഴിഞ്ഞ ശേഷം 7മണിക്ക് പള്ളിയിൽ നിന്ന് മണിയടിച്ച ശേഷം ഞാൻ മെഴുകുതിരി കത്തിച്ച് പ്രാർത്ഥിച്ചു. പിന്നെ ടിവി കണ്ടു.


# അബിൻ ജീസ്. കെ

**1B**



26/12/2023

രാവിലെ പഴയങ്ങാടി അമ്മയുടെ വീട്ടിൽ പോകാനുള്ള തിരക്കിലായിരുന്നു. രാവിലെ പുറപ്പെട്ടു. ബസിലായിരുന്നു യാത്ര. ഏട്ടനും അമ്മയും ഞാനുമാണ് പോയത്. ഒരു പാട് കാഴ്ചകൾ കണ്ടു. അമ്മയുടെ മടിയിൽ ഉറങ്ങിപ്പോയി. ഇറങ്ങാറായപ്പോഴാണ് എണീച്ചത്. ബസിറങ്ങി ഓട്ടോയിൽ കയറി വീട്ടിലേക്ക് പോയി.




# സാൻവിയ. കെ.എം.

**1B**



27/10/2023


**എന്റെ അടുത്ത വീട്ടിലെ പശു പ്രസവിച്ചു. ഞാനും അൻവിക്കും പശുക്കുട്ടിയെ കാണാൻ പോയി. നല്ല വെളുത്ത പശുക്കുട്ടി . അമ്മപ്പശു കിടാവിന് പാൽ കൊടുത്തു. ഞങ്ങൾ പശുക്കിടാവിനെ മീനു എന്ന് വിളിച്ചു.**




12/10/2023

**ഇന്ന് ടീച്ചർ സചിത്ര പുസ്തകത്തിൽ പൂന്തോട്ടം വരയ്ക്കാൻ പറഞ്ഞു.**







31/10/2023

**ആയിഷ.പി.പി.**

**1 B**





ഇന്ന് മദ്രസ വിട്ടു വന്നപ്പോൾ ഞാൻ ഒരു വണ്ടി കണ്ടു. ഒരു ജെ സി ബി എന്റെ വീടിന്റെ അടുത്ത് വന്നു. കാട് വൃത്തിയാക്കാൻ വന്നതാണ്. ഞങ്ങൾ കുറേ സമയം കളിച്ചു. കുറച്ച് കഴിഞ്ഞ് ജെ സി ബി പോയി.


# ആൻവിയ ഷജിത്ത്

**1B**




31/12/2023

**ഇന്ന് ന്യൂയർ പരിപാടി ആയിരുന്നു. എന്റെ ഡാൻസ് ഉണ്ടായിരുന്നു. കുറേ പരിപാടികൾ ഉണ്ടായിരുന്നു. പരിപാടിയൊക്കെ കഴിഞ്ഞപ്പോൾ നേരം വൈകി.**




11/10/2023

**ഞങ്ങൾ പുതിയ കാർ വാങ്ങി. പറശ്ശിനിക്കടവ് പോയി. ഞാൻ കളി സാധനം വാങ്ങി.**




# നഫീസത്തുൽ മിസിറിയ. പി.വി.



**1B**

30/12/2023

**ഉമ്മ എനിക്ക് രണ്ട് കുഞ്ഞിക്കോഴിയെ വാങ്ങിത്തന്നു. കോഴിയും ഞാനും വീട്ടിൽ നിന്ന് കളിച്ചു.**









# ഷെൻസ ജസീൽ

**1B**


29/12/2023

**ഞാൻ ഇന്ന് ടൗണിൽ പോയി . ഉപ്പ എനിക്ക് ചോളം വാങ്ങിത്തന്നു. പിന്നെ ഫിഷ് ടാങ്കിൽ ഇടാൻ കുറച്ച് മീൻ വാങ്ങി.**



27/12/2023

**ഞാൻ ഇന്ന് രാവിലെ അമ്മായിയുടെ കൂടെ ചെടിക്ക് വെള്ളം ഒഴിക്കാൻ പോയി. കുറേ പൂക്കൾ ഉണ്ടായിരുന്നു.**







# നക്ഷത്ര. കെ.പി.

**1 B**

19/10/2023



29/09/2023




ഇന്ന് നമ്മുടെ വീട്ടിൽ മൂന്ന് പൂച്ചക്കുഞ്ഞുങ്ങൾ ഉണ്ടായി..

ഇന്ന് നല്ല മഴയായിരുന്നു




# മുഹമ്മദ് സൈെൻ. ടി.പി.

**1B**



**21/12/2023**

**ഇന്ന് സ്കൂളിലെ പരീക്ഷ കഴിയും. ഇന്ന് അറബിക് പരീക്ഷ . നാളെ സ്കൂളിൽ ക്രിസ്തുമസ് പരിപാടിയാണ് .**



21/12/2023


ഇന്ന് സ്കൂളിലെ പരീക്ഷ കഴിയും

ഇന്ന് അറബിയാണ് പരീക്ഷ.

നാളെ സ്കൂളിൽ ക്രിസ്തുമസ് പരിപാടിയാണ്.

**24/12/2023**

**ഞാനും സൻഹയും ഓടിക്കളിച്ചു. സൈക്കിൾ സ്പീടിൽ ഓടിച്ചു ഞാൻ. എന്റെ ഇക്കാക്കയുടെ കൂടെ കടയിൽ പോയി.**



24/12/23

ഞാനും സൻഹയും ഓടികളിച്ചു. സൈക്കിൾ സ്പീടിൽ ഓടിച്ചു ഞാൻ. എന്റെ ഇക്കാക്കന്റെ കൂടെ കടയിൽ പോയി.



18/12/2023

ക്രിസ്മസ് അവധി തുടങ്ങി. രാവിലെ എഴുന്നേറ്റു.. വാവയെ കളിപ്പിച്ചു. നാളെ വാവക്ക് പേരിടും. അമ്മമ്മയും ആന്റിമാരും എല്ലാവരും വരും. നല്ല രസമായിരിക്കും. അമ്മ വീടെല്ലാം വൃത്തിയാക്കി. അച്ഛൻ നാളത്തേക്കുള്ള സാധനങ്ങളെല്ലാം കൊണ്ട് വന്നു

## നിഹാര രഞ്ജിത്ത്

1 B



24/12/2023


ഇന്ന് ഓട്ടോ എന്നെ കയറ്റാതെ പോയി. എനിക്ക് സങ്കടമായി. അച്ഛൻ കൊണ്ടു വിടാമെന്ന് പറഞ്ഞു. അപ്പോഴേക്കും കുട്ടേട്ടൻ എന്നെ കൂട്ടാൻ വന്നു.

# ശ്രീലയ. കെ.ടി.

**1B**



22/12/2023




**ഞങ്ങൾ സ്കൂൾ അവധിക്ക് നാട്ടിലേക്ക് തീവണ്ടിയിൽ പോയി . അമ്മയുടെ നാട് തമിഴ് നാട് .**



# ആദ മരിയ




## 1 - A


**25/08/23**

ഇന്ന് ഞാൻ ചേച്ചിയുടെ കൂടെ ബുൾബുൾ ക്ലാസ്സിന് പോയി. കുറെ കളികൾ കണ്ടു.

**22/12/23**

രാവിലെ പള്ളിയിൽ പോയി. മാമന്റെ കൂടെ ഫിഷ്ടാങ്ക് വൃത്തിയാക്കി. പുതിയ മീനിന് തീറ്റ കൊടുത്തു.




# ഐഷാനി.കെ

## 1 - A

27/12/23



ഞാൻ രാവിലെ എഴുന്നേറ്റു. പല്ല് തേച്ചു ശേഷം കുളിച്ചു. ഞാനും ഏട്ടനും അച്ഛന്റെ കൂടെ വള്ളുവൻകടവ് ശ്രീ മുത്തപ്പൻ മടപ്പുരയിൽ പോയി. അവിടെ നിന്ന് പ്രസാദവും ഭക്ഷണവും കഴിച്ചു. പിന്നെ ഞങ്ങൾ ചാൽ ബീച്ചിൽ പോയി .



# അവന്തിക.ഇ

## 1 - A





**29/12/23**

ഇന്ന് അമ്മൂമ്മയുടെ കൂടെ കുഞ്ഞിക്കോഴിക്ക് തീറ്റ കൊടുത്തു. മൂന്നു കോഴി കുഞ്ഞുങ്ങളും തിന്നാൻ വേണ്ടി അടി കൂടുന്നുണ്ടായിരുന്നു. കുറച്ച് കഴിഞ്ഞ് രണ്ട് പിടക്കോഴികളെ വിട്ടപ്പോൾ കൂട്ടിൽ രണ്ട് മുട്ടയുണ്ടായിരുന്നു. അമ്മൂമ്മ അത് എടുത്തു വച്ചു.

**1/1/24**

ഇന്ന് കുറേ ദിവസത്തിന് ശേഷം സ്കൂൾ തുറന്നു. എന്റെ പിറന്നാൾ കഴിഞ്ഞത് കൊണ്ട് ഇന്നാണ് പിറന്നാൾ സമ്മാനം ടീച്ചർക്ക് കൊടുത്തത്. ടീച്ചർ എന്റെ ഫോട്ടോ എടുത്തിരുന്നു.






# ധ്രുവ്നാഥ് കൃഷ്ണ.ഇ

## 1 - A



25/12/23

ഇന്ന് ചേട്ടന്റെ
പിറന്നാളായിരുന്നു.
കേക്ക് മുറിച്ച്
ആഘോഷിച്ചു.




# പ്രത്യുഷ് . പി

## 1 - A



**11/8/23**

**ഇന്ന് അമ്മയും ഞാനും കണ്ണൂരിൽ പോയി.**



**25/12/23**

**ഇന്ന് ക്രിസ്മസ്. ഞാനും അമ്മയും അച്ഛനും ചേച്ചിയും കേക്ക് മുറിച്ച് ആഘോഷിച്ചു.**

